## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.840 30.10.2019 -ലെ മറുപടിക്ക്**

**പൂഴിക്കുന്ന് കോളനിയിൽ നിർമ്മിതി കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ആൻസലൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പൂഴിക്കുന്ന് കോളനിയിൽ അനുവദിച്ച 1 കോടി രൂപയിൽ നിർമ്മിതി കേന്ദ്രം എത്ര തുകയുടെ നിർമ്മാണ പ്രവൃത്തി ആണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കാമോ; | (എ) | അഞ്ച് ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ആണ് പൂർത്തീകരിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പ്രവൃത്തി ഏത് വർഷത്തിലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | 2017-18 |
| (സി) | കോളനി നിവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തരത്തിൽ നിർമ്മാണ പ്രവൃത്തിയിൽ ഗുരുതരമായ വീഴ്ച വരുത്തിയ നിർമ്മിതി കേന്ദ്രത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ പാറശാല പട്ടികജാതി വികസന ഓഫീസിലെ എസ്.സി ഡെവലപ്മെന്റ് ഓഫീസർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് പാറശാല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് വഴി ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | കോളനിയിലെ ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പ്രവൃത്തി സമയബന്ധിതമായി നടത്താത്ത നിർമ്മിതി കേന്ദ്രത്തിന്റെ പേരിൽ നിയമനടപടി സ്വീകരിക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ ? | (ഡി) | കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ